# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.07.2025**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി മാൽദ്വീവ്സിലെ 60-ാമത് സ്വാതന്ത്ര്യദിന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2. സൗമ്യ കൊലക്കേസ് പ്രതി ഗോവിന്ദച്ചാമി ജയിൽ ചാടിയ സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.

3. സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കും. സുരക്ഷാ പരിശോധനയ്ക്കായി പ്രത്യേക സംഘം രൂപീകരിക്കും .

4. സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. മലയോര മേഖലകളിൽ രാത്രി യാത്രാ നിയന്ത്രണം.

5. ഇന്ത്യക്കെതിരായ നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് കൂറ്റൻ ലീഡ്. രണ്ടാം ഇന്നിങ്സിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.

******************

RNU TVPM

## പ്രധാനമന്ത്രി

മാൽദ്വീവ്സ് സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി മാൽദ്വീവ്സിലെ 60-ാമത് സ്വാതന്ത്ര്യദിന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ചടങ്ങിൽ പ്രധാനമന്ത്രിയ്ക്കും മാൽദ്വീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയ്സുവിനും ഗാർഡ് ഓഫ് ഹോണർ നൽകി. മാൽദ്വീവ്സ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. രാത്രി എട്ടുമണിയോടെ തൂത്തുക്കുടിയിൽ നടക്കുന്ന പരിപാടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിടും.

*****************

## ജയിൽ സുരക്ഷ (ഇൻട്രോ)

സൗമ്യ കൊലക്കേസ് പ്രതി ഗോവിന്ദച്ചാമി ജയിൽ ചാടിയ സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. സംസ്ഥാനത്തെ ജയിൽ സുരക്ഷ വിലയിരുത്താൻ വിളിച്ചു ചേർത്ത ഉന്നത തല യോഗത്തിലാണ് മുഖ്യമന്ത്രിയുടെ നിർദേശം. നിലവിൽ നടക്കുന്ന പോലീസ് അന്വേഷണവും വകുപ്പ് തല പരിശോധനകൾക്കും പുറമെയാണ് മുഖ്യമന്ത്രി പ്രത്യേകമായ സമഗ്ര അന്വേഷണത്തിന് നിർദേശം നൽകിയിരിക്കുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

ഇന്നലെ പുലർച്ചയാണ് ഗോവിന്ദച്ചാമി കണ്ണൂർ സെൻട്രൽ ജയിൽ ചാടിയത്. മണിക്കൂറുകൾക്ക് അകം തന്നെ പോലീസിന്റെ പിടിയിലാവുകയും ചെയ്തു. ഇയാളെ ഇന്ന് ഉച്ചയോടെ വിയ്യൂർ അതീവ സുരക്ഷാ ജയിലിലേക്ക് മാറ്റി.

RNUTVPM

*****************

## മുഖ്യമന്ത്രി - കളക്ടർമാരുടെ യോഗം

സ്കൂൾ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കും. കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂൾ സംഭവത്തിൻറെ പശ്ചാത്തലത്തിലാണ് യോഗം. സ്കൂൾ തുറക്കുന്നതിന് മുൻപ് സുരക്ഷ ഉറപ്പാക്കാൻ നിരവധി ക്രമീകരണങ്ങൾ നടത്തിയിരുന്നു. എന്നിട്ടും ദാരുണമായ സംഭവം ഉണ്ടായതിനാലാണ് കർശനമായ നടപടികളിലേക്ക് കടക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

******************

## സ്കൂളുകളിലെ സുരക്ഷാക്രമീകരണം

സംസ്ഥാനത്തെ സ്കൂളുകളിലെ സുരക്ഷാക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് പെതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. സുരക്ഷാ പരിശോധനയ്ക്കായി പ്രത്യേക സംഘം രൂപീകരിക്കും . ഈ സംഘങ്ങൾ നേരിട്ട് ഓരോ സ്കൂളും സന്ദർശിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണം. അടിയന്തരമായി പരിഹരിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർമാർ ഈ മാസം 31ന് മുൻപായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് നൽകണം. അടുത്ത മാസം പൊതുവിദ്യാഭ്യാസ സെക്രട്ടറി, കളക്ടർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ യോഗം ചേരുമെന്ന് മന്ത്രി വി.ശിവൻകുട്ടി വ്യക്തമാക്കി.

******************

## തേവലക്കര (ശിവൻകുട്ടി)

കൊല്ലത്ത് സ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുൻ വൈദ്യുതാഘാതമേറ്റ് മരിച്ച സംഭവത്തിൽ തേവലക്കര ഹൈസ്കൂളിലെ മാനേജരെ പിരിച്ചുവിട്ടു. താത്കാലികമായി സ്കൂൾ ഭരണം കൊല്ലം വിദ്യാഭ്യാസ ജില്ലാ ഓഫീസർക്ക് കൈമാറുമെന്നും മന്ത്രി വി ശിവൻ കുട്ടി അറിയിച്ചു. കുട്ടിയുടെ

RNU TVPM

കുടുംബത്തിന് ഉടൻ ധനസഹായം നൽകും. പുതിയ വീട് വെച്ച് നൽകുമെന്നും മന്ത്രി പറഞ്ഞു.

*****************

## <u>തേവലക്കര-മാനേജർ</u>

വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരിച്ച സംഭവത്തിൽ സ്കൂൾ മാനേജ്മെൻറ് പിരിച്ചുവിട്ട സർക്കാർ നടപടിയെ സ്വാഗതം ചെയ്യുന്നതായി തേവലക്കര സ്കൂൾ മാനേജർ ആർ. തുളസീധരൻ പിള്ള. സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ പഞ്ചായത്തിൻറെയും, ഒപ്പം കെഎസ്ഇബിയുടെയും വീഴ്ചകളിൽ കൃത്യമായ നടപടി ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*****************

## <u>ജില്ലാതല നിയന്ത്രണ സമിതി യോഗം</u>

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൻറെ ഭാഗമായുള്ള തിരുവനന്തപുരം ജില്ലാതല നിയന്ത്രണ സമിതി യോഗം ചേർന്നു. വനാതിർത്തികളിൽ വന്യമൃഗങ്ങളെ ആകർഷിക്കാത്ത തരത്തിലുള്ള ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവയും സിട്രസ് പഴങ്ങളും കൃഷി ചെയ്യുന്നത് പരമാവധി പ്രോത്സാഹിപ്പിക്കാൻ യോഗം തീരുമാനിച്ചു. കളക്ടർ അനുകുമാരിയുടെ അധ്യക്ഷതയിലായിരുന്നു യോഗം.

RNU TVPM

*****************

## <u>മഴ</u>

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വരും ദിവസങ്ങളിലും സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയുണ്ട്. മണിക്കൂറിൽ 70 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റും വീശുന്നുണ്ട്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിൽ മഞ്ഞജാഗ്രത

നൽകി. മലയോര പ്രദേശങ്ങളിലൂടെയുള്ള രാത്രികാല യാത്ര നിരോധിച്ചിട്ടുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 30 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************

## <u>മഴ-കോഴിക്കോട് (ഇൻട്രോ)</u>

കോഴിക്കോട് ജില്ലയിൽ ശക്തമായ മഴ തുടരുകയാണ്. കട്ടിപ്പാറ മണ്ണാത്തി ഏറ്റ് മലയിൽ പാറയിടിച്ചിൽ സാധ്യത മുന്നിൽ കണ്ട് 21 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുടേയും യോഗത്തിലെ തീരുമാനപ്രകാരമാണ് നടപടി.
വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.
(വോയ്സ്)

******************

## <u>മഴ-പത്തനംതിട്ട</u>

പത്തനംതിട്ട ജില്ലയിൽ ഇന്നും മഴ തുടരുന്നു. തിരുവല്ല താലൂക്കിൽ നിലവിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി ഏഴു കുടുംബങ്ങളിലെ 27 പേരുണ്ട്. ആറ് താലൂക്കിലായി 71 വീടുകൾ ഭാഗികമായും ഒരുവീട് പൂർണമായും തകർന്നു. കനത്ത മഴയിലും കാറ്റിലും 99.17 ലക്ഷം രൂപയുടെ കൃഷി നാശമുണ്ടായി.

******************

## <u>ഇടുക്കി -മഴ(ഇൻട്രോ)</u>

ഇടുക്കിയിൽ കനത്ത മഴ തുടരുകയാണ്. 24 മണിക്കൂറിനുള്ളിൽ ജില്ലയിൽ ശരാശരി 111.66 മില്ലിമീറ്റർ മഴയാണ് പെയ്തത്.
വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

******************

RNU TVPM

## വാമനപുരം നദി

അപകടകരമായ രീതിയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് വാമനപുരം നദിയിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്. പെരിയാറിലെ നീരോഴുക്ക് വർദ്ധിച്ച സാഹചര്യത്തിൽ എറണാകുളം ഭൂതത്താൻകെട്ട് ബാറേജിൽ സംഭരിച്ചിട്ടുള്ള വെള്ളം ഘട്ടംഘട്ടമായി ഒഴുക്കുമെന്ന് അധികൃതർ അറിയിച്ചു.

******************

## പേപ്പാറ + അരുവിക്കര

തിരുവനന്തപുരം ജില്ലയിലെ പേപ്പാറ ഡാമിലേക്കുള്ള നീരൊഴുക്ക് വർധിക്കുന്ന സാഹചര്യത്തിൽ, ഡാമിൻറെ ഒന്നു മുതൽ നാലു വരെയുള്ള ഷട്ടറുകൾ ഉയർത്തി. അരുവിക്കര ഡാമിൻറെ ഷട്ടറുകളും ഉയർത്തിയിട്ടുണ്ട്. ഇരു ഡാമുകളുടെയും സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

******************

RNU TVPM

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യക്കെതിരായ നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് കൂറ്റൻ ലീഡ്. ഇന്ത്യയുടെ 358 റൺസ് പിന്തുടർന്ന ഇംഗ്ലണ്ട് ആദ്യ ഇന്നിങ്സിൽ 669 റൺസ് നേടി. രണ്ടാം ഇന്നിങ്സ് തകർച്ചയോടെ തുടങ്ങിയ ഇന്ത്യക്ക് നിലവിൽ രണ്ടു വിക്കറ്റ് നഷ്ടമായി. നാലാം ദിനം ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 2 വിക്കറ്റിന് 14 റൺസ് എന്ന നിലയിലാണ്. നിലവിൽ ഇംഗ്ലണ്ടിന് 297 റൺസ് ലീഡാണുള്ളത്.

******************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

******************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പരിപാടിയുടെ മലയാള പരിഭാഷയും ഉണ്ടായിരിക്കുന്നതാണ്.

******************

## കാർഗിൽ ദിവസ്

1999- ലെ കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനികരുടെ ധീരതയെ ആദരിക്കുന്നതിനായി രാജ്യം ഇന്ന് കാർഗിൽ വിജയ് ദിവസ് ആചരിച്ചു. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്രമന്ത്രിമാരും ആദരാഞ്ജലി അർപ്പിച്ചു. കാർഗിലിൽ വീരമൃത്യു വരിച്ചവരുടെ ധൈര്യവും ക്ഷമയും ത്യാഗവും ഇപ്പോഴും രാഷ്ട്രത്തിന് പ്രചോദനമാണെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു.

PNU TVPM

******************

## കാർഗിൽ-ഗവർണർ

കേരളത്തിലും കാർഗിൽ വിജയ് ദിവസ് വിവിധ പരിപാടികളോടെ ആചരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരത്തു പാങ്ങോട് സൈനിക കേന്ദ്രം സന്ദർശിച്ച് ധീര രക്തസാക്ഷികൾക്ക് പുഷ്പാർച്ചന നടത്തി. പാളയം യുദ്ധ സ്മാരകത്തിൽ എയർ വെറ്ററൻസ് അസോസിയേഷൻ പ്രസിഡൻറ് വേണു വടക്കേടവും ഗ്രൂപ്പ് ക്യാപ്റ്റൻ പി കർമചന്ദ്രനും പുഷ്പചക്രം അർപ്പിച്ചു.

******************

<u>കഴക്കൂട്ടം - കാർഗിൽ</u>

കഴക്കൂട്ടം സൈനിക സ്കൂളിൽ കാർഗിൽ വിജയ് ദിവസ് ആചരിച്ചു. പ്രിൻസിപ്പൽ കേണൽ ധീരേന്ദ്ര കുമാർ പുഷ്പചക്രം സമർപ്പിച്ചു.

******************

********

***

RNU TVPM